# Syro-Malabar Eparchy of St Thomas, the Apostle, Melbourne

**Prot. No. MPL: 42/25/9**

## സർക്കുലർ

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, മാതാപിതാക്കളേ, സഹോദരീ സഹോദരന്മാരേ, വാത്സല്യമുള്ള കുഞ്ഞുമക്കളേ,

നിങ്ങൾക്കെല്ലാവർക്കും പന്തക്കുസ്താത്തിരുനാളിന്റെ മംഗളങ്ങൾ സ്നേഹ പൂർവ്വം നേരുന്നു. ഇന്ന് തിരുസഭയുടെ ജന്മദിനമായി നാം ആഘോഷി ക്കുകയാണ്. തിരുസഭയിൽ ഇന്നും പരിശുദ്ധാത്മാവ് ശക്തമായി പ്രവർത്തി ക്കുന്നു എന്നതിന്റെ തെളിവാണ് ഈ അൾത്താരയ്ക്ക് മുമ്പിൽ നിൽക്കുന്ന നിങ്ങളെല്ലാവരും. വ്യത്യസ്തമായ ഭവനങ്ങളിൽ നിന്നും നമ്മെ ഓരോരുത്തരെ യും പ്രത്യേകമായി ക്ഷണിച്ച്, പ്രോത്സാഹിപ്പിച്ച് ഈ ദൈവസന്നിധിയിൽ കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കുവാൻ ഒരുമിപ്പിച്ച് നിർത്തുന്ന നമ്മിലെ നിരന്തര സാമീപ്യമാണ് പരിശുദ്ധാത്മാവ്. ഒരുമയുടെ വലിയ സന്ദേശ മാണ് പന്തക്കുസ്താത്തിരുനാൾ നൽകുന്നത്. ഈശോയുടെ മരണശേഷം ശിഷ്യന്മാർ നിരാശരാവുകയും ചിതറിക്കപ്പെടുകയും ചെയ്തിരുന്നു. ചിതറിക്ക പ്പെടലിന്റെ നേരെ വിപരീതമായ ഒരുമിച്ച് ചേർക്കലാണ് പന്തക്കുസ്താത്തി രുനാളിൽ നാം കാണുന്നതും അനുഭവിക്കുന്നതും.

ആദ്യത്തെ പന്തക്കുസ്തായുടെ ചരിത്രം നാം നടപടി പുസ്തകത്തിൽ വായിക്കുന്നുണ്ട് ''പന്തക്കുസ്താ ദിവസം സമാഗതമായപ്പോൾ അവരെല്ലാവരും ഒരുമിച്ച് കൂടിയിരിക്കുകയായിരുന്നു. കൊടുങ്കാറ്റ് അടിക്കുന്നതുപോലുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്ന് ഉണ്ടായി... അഗ്നിനാളങ്ങൾപോലുള്ള നാവുകൾ തങ്ങൾ ഓരോരുത്തരുടെയും മേൽ വന്നുനിൽക്കുന്നത് അവർ കണ്ടു''.

ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്നത് പ്രാവിന്റെ രൂപത്തിൽ ആയിരുന്നില്ല മറിച്ച് അഗ്നിനാളങ്ങളുടെ രൂപത്തിൽ ആയിരുന്നു. എന്താണ് അഗ്നിനാളങ്ങളുടെ പ്രത്യേകത? കർഷകർ കൃഷിക്ക് മുൻപ് പാടങ്ങൾ അഗ്നി കൊണ്ട് കത്തിച്ചൊരുക്കുന്നത് നാം ശ്രദ്ധിച്ചിട്ടുണ്ടാകും. ചിലത് സൃഷ്ടിക്കുകയും ചിലത് നശിപ്പിക്കുകയുമാണ് അഗ്നി ചെയ്യുന്നത്. അപ്പോൾ പരിശുദ്ധാത്മാവായ ദൈവത്തിന്റെ അഗ്നി എന്താണ് ചെയ്യുന്നത്? സൃഷ്ടിക്കുന്നതിനായി അത് നശിപ്പിക്കുന്നു. എന്താണ് അത് നശിപ്പിക്കുന്നത്? യഹൂദന്മാരെ ഭയന്ന് മുറിയിൽ

വാതിൽ അടച്ചിരുന്ന ശ്ലീഹന്മാരുടെ മനസ്സിലെ ആകുലതകളും ഭയവുമാണ് ഈ അഗ്നി നശിപ്പിച്ചത്. പരിശുദ്ധാത്മാവ് നശിപ്പിക്കുന്നത് നമ്മുടെ ഹൃദയങ്ങളിലെ ഭയത്തെയും ആകുലതയെയുമാണ്. സ്നേഹത്തിന്റെ വിപരീതം വെറുപ്പല്ല, ഭയമാണ്. വി. യോഹന്നാൻ പറയുന്നു, സ്നേഹം എല്ലാ ഭയത്തെയും പുറത്താക്കുന്നു, അതാണ് പരിശുദ്ധാത്മാവിന്റെ പ്രവൃത്തി. ഭയം നശിപ്പിക്കപ്പെടുമ്പോൾ മനസ്സിൽ സമാധാനവും പ്രത്യാശയും ധൈര്യവും സ്നേഹവും സൃഷ്ടിക്കപ്പെടുന്നു. പരിശുദ്ധാത്മാവാകുന്ന അഗ്നി ഭയത്തിനപ്പുറം ജീവിക്കുന്നതും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ശക്തിയിൽ ജീവിക്കുന്നതുമായ ഒരു സഭയെ ജനിപ്പിക്കുന്നു: ഒരു ഈസ്റ്റർ ജനതയെ. ദൈവനാമത്തിൽ നാം ഒരുമിക്കുമ്പോഴും ഓരോ കൂദാശകൾ സ്വീകരിക്കുമ്പോഴും പരിശുദ്ധാത്മാവായ അഗ്നി നമ്മിൽ പ്രവർത്തിക്കുന്നു. നമ്മിൽ രൂപപ്പെടുന്ന ഈ അഗ്നി നമ്മിലെ പാപങ്ങളെ നശിപ്പിക്കുകയും നമ്മുടെ മനസ്സുകളെ നന്മകൾകൊണ്ട് നിറയ്ക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ സുവിശേഷം പ്രസംഗിക്കുന്നതിനും ജീവിക്കുന്നതിനും ദൈവം നമ്മെ ശക്തരാക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

ഈ പന്തക്കുസ്താത്തിരുനാളിൽ ചില പ്രധാനപ്പെട്ട കാര്യങ്ങൾ നിങ്ങളെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

1. സെൻറ് തോമസ് സീറോ മലബാർ മെൽബൺ സൗത്ത് ഈസ്റ്റ് ദൈവാലയത്തിന്റെ കൂദാശ കർമ്മവും വെഞ്ചരിപ്പും നമ്മുടെ സഭയുടെ പിതാവും തലവനുമായ **മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ്** ജൂലൈ മാസം പന്ത്രണ്ടാം തീയതി ശനിയാഴ്ച രാവിലെ ഒമ്പതരയ്ക്ക് നടത്തുന്നതാണ്. ഈ കൂദാശ കർമ്മത്തിലും വെഞ്ചിരിപ്പിലും പങ്കുചേരുവാൻ രൂപതാ കുടുംബാംഗങ്ങളായ നിങ്ങളെ എല്ലാവരെയും ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ദീർഘനാളത്തെ പരിശ്രമത്തിന്റെയും പ്രാർത്ഥനയുടെയും ഒത്തൊരുമയുടെയും ഫലമായി നിർമ്മിച്ച ഈ മനോഹരമായ ഇടവക ദേവാലയത്തിന്റെ നിർമ്മിതിക്കായി അഹോരാത്രം അധ്വാനിച്ച ഇടവക വികാരി മോൺസിഞ്ഞോർ ഫ്രാൻസിസ് കോലഞ്ചേരി അച്ചനെയും സഹവികാരിമാർ ജോയ്സ് അച്ചനെയും, ജിനു അച്ചനെയും, സജി അച്ചനെയും ഇടവകയിലെ എല്ലാ അംഗങ്ങളെയും ആത്മാർത്ഥമായി അഭിനന്ദിക്കുകയും അവർക്ക് നന്ദി പറയുകയും ചെയ്യുന്നു.
2. **SANTHOM GROVE (Pallotti College)** എന്ന പേരിൽ അറിയപ്പെടുന്ന നമ്മുടെ രൂപതയുടെ പാസ്റ്ററൽ ആൻഡ് റിന്യൂവൽ സെന്റർ ജൂലൈ മാസം പതിനൊന്നാം തീയതി ഉച്ചകഴിഞ്ഞ് 3:00 മണിക്ക് ഔദ്യോഗികമായി നമ്മുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് വെഞ്ചരിക്കുകയും ഉദ്ഘാടനം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതാംഗങ്ങൾക്ക് വേണ്ടിയുള്ള മീറ്റിങ്ങുകൾ, സെമിനാറുകൾ, റിട്രീറ്റുകൾ, മാരേജ് പ്രിപ്പറേഷൻ കോഴ്സുകൾ തുടങ്ങിയവയെല്ലാം ഇനിമുതൽ നമ്മുടെ പുതിയ സെന്ററിൽ വെച്ചായിരിക്കും നടത്തുന്നത്. നമുക്കെല്ലാവർക്കും അഭിമാനി

ക്കാവുന്ന ഈ നേട്ടത്തിൽ എപ്രകാരം നിങ്ങൾക്ക് പങ്കുകാരാകാമെന്ന് നിങ്ങളുടെ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ വിശദീകരിക്കുന്നതാണ്. നിങ്ങളുടെ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണവും സാന്നിധ്യവും ഞാൻ പ്രത്യേകം പ്രതീക്ഷിക്കുന്നു.

3. ചങ്ങനാശ്ശേരി കുന്നന്താനം കേന്ദ്രീകൃതമായുള്ള **Little Servants of the Divine Providence (LSDP)** സന്യാസിനി സഭയുടെ ഓസ്ട്രേലിയയിലെ ആദ്യത്തെ 'Convent' July 12 ന് ഉച്ചകഴിഞ്ഞ് **സെൻറ് തോമസ് സീറോ മലബാർ മെൽബൺ സൗത്ത് ഈസ്റ്റ് ഇടവകയിൽ** അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് വെഞ്ചരിക്കുന്നതാണ്. നമ്മുടെ രൂപതയിലെ ആദ്യത്തെ സീറോ മലബാർ Convent ആണ് ഇവിടെ തുടങ്ങുന്നത്. **Family Apostolate, Youth Ministry and Parish Ministries -** ഇവയായിരിക്കും ഇവരുടെ പ്രധാന പ്രവർത്തന മേഖലകൾ. നിങ്ങളുടെ പ്രാർഥനയും പ്രോത്സാഹനങ്ങളും പ്രതീക്ഷിക്കുന്നു. ഈ കർമ്മത്തിലേക്ക് നിങ്ങളെ സ്വാഗതം ചെയ്യുന്നു.
4. നമ്മുടെ രൂപതയുടെ **SMYM** ന്റെ നേതൃത്വത്തിൽ നമ്മുടെ എല്ലാ ഇടവകകളിലും മിഷനുകളിലും നടത്തിവരുന്ന യുവാക്കൾക്കും കുട്ടികൾക്കുമായുള്ള **EMBRACE** റിന്യൂവൽ പ്രോഗ്രാമിന് സാധിക്കുന്നിടത്തോളം കുട്ടികളെ പങ്കെടുപ്പിക്കണമെന്ന് മാതാപിതാക്കളോട് പ്രത്യേകമായി അഭ്യർത്ഥിക്കുന്നു.

നമ്മുടെ രൂപതയുടെ സർവ്വോന്മുഖമായ വളർച്ചയ്ക്കുവേണ്ടി നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം. സർവ്വശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ എല്ലാവരേയും ഹൃദയപൂർവ്വം ആശീർവദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**രൂപതാ കാര്യാലയം**
മെൽബൺ, 03.06.2025

**ബിഷപ്പ് ജോൺ പനന്തോട്ടത്തിൽ സി.എം.ഐ**
മെൽബൺ രൂപതയുടെ മെത്രാൻ

NB: ഈ സർക്കുലർ 2025 ജൂൺ 8 ഞായറാഴ്ച പന്തക്കുസ്താ തിരുനാളിൽ മെൽബൺ രൂപതയിലെ എല്ലാ പള്ളികളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കാൻ നല്കപ്പെട്ടത്